**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5851** **08-11-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ്** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഒന്നാം ഘട്ടത്തിൽ 2017-22 കാലയളവിൽ പൂർത്തീകരിക്കാൻ വിഭാവനം ചെയ്ത KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 circuit കി മി 400കെ വി ലൈനും 845 circuit കി മി 220 കെ വി ലൈനും 820 കി മി സർക്യൂട്ട് 110 കെ വി ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജു കളും ഉണ്ട്. ഇതിൽ 1697 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 6 സബ് സ്റ്റേഷനുകളും (മഞ്ചേരി, കോതമംഗലം, ചാലക്കുടി എന്നീ 220 kV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (AIS), ആലുവ, കല്ലൂർ, കുന്നമംഗലം എന്നീ 220 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS)) 178 circuit കി മി 400കെ വി ലൈനും 465 circuit കി മി 220കെ വി ലൈനും 548 circuit കി മി 110കെ വി ലൈനും ഉൾപ്പെടുന്നു. (മാടക്കത്തറ - മലാപ്പറമ്പ് – അരീക്കോട് 400/220 kV MCMV Line, ഉതിയൂർ കല്ലൂർ 220 kV DC കേബിൾ, മലപ്പുറം മഞ്ചേരി 110 kV ഡബ്ബിൾ സർക്യൂട്ട് ലൈൻ, കക്കയം നല്ലളം 110 kV DC line, ആലുവ -പള്ളിക്കര, ആലുവ - എടത്തല -കോതമംഗലം, ബ്രഹ്മപുരം-ഉതിയൂർ ലൈൻ, കറുകടം - കോതമംഗലം കീഴിശ്ശേരി-ചേളാരി, ചേളാരി -നല്ലളം, കൊന്നക്കുഴി –ചാലക്കുടി, മലയമ്മ - കുന്നമംഗലം എന്നീ 220/110 kV MCMV ലൈനുകൾ:-. ആലുവ - പള്ളിവാസൽ, മുണ്ടയാട് – തലശേരി, കൊടുങ്ങല്ലൂർ - ഇരിങ്ങാലക്കുട, കോട്ടയം- |

| | | | |
|---|---|---|---|
| | | | ഏറ്റുമാനൂർ, കോട്ടയം - ഉറവൂർ എന്നീ 220/110 kV MCMV ലൈനുകളുടെ നിർമ്മാണം ദ്രുത ഗതിയിൽ പൂർത്തിയായി വരുന്നു. ഈ പദ്ധതികൾ 2021 ഡിസംബർ മാസത്തോടെയും, മുണ്ടയാട്- മയിലാട്ടി 220/110 കെ വി MCMV ലൈൻ 2022 മദ്ധ്യത്തോടെയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമാക്കുന്നത്. ട്രാൻസ്ഗ്രിഡ് 2 രണ്ടാം ഘട്ടത്തിലെ 3414 കോടി രൂപയുടെ പദ്ധതികളിൽ 11 ലൈൻ പാക്കേജുകളും, 13 സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. ശബരി 220/110 kV ലൈൻ, തൃശ്ശിവപേരൂർ 220/110 kV ലൈൻ എന്നീ പദ്ധതികൾ നിർമ്മാണം ആരംഭിച്ചു. പത്തനംതിട്ട, കക്കാട് 220 kV GIS സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടി ക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞു. ശാസ്താംകോട്ട 220 kV GIS സബ്സ്റ്റേഷൻ, കൊല്ലം, തിരുവിതാംകൂർ ലൈൻ പാക്കേജുകൾ, ആലുവ കൊടുങ്ങല്ലൂർ 220/110 kV MCMV ലൈൻ എന്നീ പദ്ധതികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരൂർ, ഇരിങ്ങാലക്കുട, ഉറവൂർ എന്നീ 220 kV GIS സബ്സ്റ്റേഷനുകളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. വള്ളുവനാട് പാക്കേജ് (പാലക്കാട് - മണ്ണാർക്കാട് 220/110 kV ലൈൻ) തലശ്ശേരി - കുന്നമംഗലം 220/110 kV ലൈൻ എന്നീ പദ്ധതികൾ സാങ്കേതിക സാമ്പത്തിക അനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. 220 kV പാഞ്ഞാൾ GIS സബ്സ്റ്റേഷൻ, 400 kV എടമൺ GIS സബ്സ്റ്റേഷൻ, ഇരിങ്ങാലക്കുട - പഴവിൽ 220/110 kV ലൈൻ, ആലുവ - ചാലക്കുടി 220/110 MCMV ലൈൻ എന്നീ പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഗ്രീൻ കോറിഡോർ പദ്ധതിയിൽ പെട്ട വയനാട് - കാസർകോട് ലൈനിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. മറ്റ് ഗ്രീൻ കോറിഡോർ പദ്ധതികൾ ആയ കയിലിമല ഗ്രീൻ കോറിഡോർ പദ്ധതി, 400 kV വയനാട് GIS, അട്ടപ്പാടി GCP (220 kV GIS മണ്ണാർക്കാട്, 220 kV GIS കോട്ടത്തറ), 220 kV GIS കട്ടപ്പന എന്നിവക്ക് MNRE (Ministry of Non Renewable Energy)യുടെ അനുമതി ലഭിക്കുന്ന മുറക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. 2024 ലാണ് ഈ പദ്ധതികൾ പൂർത്തികരിക്കു ന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടി സംബന്ധിച്ച ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി | (ബി) | ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ രണ്ട് ഘടക പദ്ധതികളുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട് കോടതികളിൽ കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | | ചില ആരോപണങ്ങൾ കഴിഞ്ഞ നിയമ സഭയ്ക്ക് മുമ്പാകെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ മറ്റൊരു ഉപ പദ്ധതിയായ ട്രാവൻകൂർ ലൈൻസ് പാക്കേജിന്റെ ടെണ്ടറുമായി ബന്ധപ്പെട്ട് പോളികാബ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കേരള ഹൈക്കോടതിയിൽ W.P (C) No.17117/2021 (L) dated 24.08.2021 നമ്പരായി ഒരു കേസും ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുകയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കുമോയെന്ന് കരുതുന്നുണ്ടോ? | (സി) | ട്രാൻസ്ഗ്രിഡ് പദ്ധതിയ്ക്കായി 10,000 കോടി രൂപയാണ് പ്രാഥമിക ചിലവ് കണക്കാക്കി യിട്ടുള്ളത്. ഈ തുകയ്ക്ക് പദ്ധതി പൂർത്തീകരിക്കു മെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ